The site content is presented in **MLW-TTKarthika** font.

If you are not able to see malayalam content in this site, **CLICK HERE**

# ഗന്ധർവസംഗീതം റിയാലിലിറ്റി ഷോ വിജയകൾ അമേരിക്കയിൽ

ജോയിച്ചൻ പുതുക്കുളം



ഡാളസ്: മലയാളത്തിലെ ആദ്യത്തെ റിയാലിറ്റിഷോ 'ഗന്ധർവ്വസംഗീതം' പ്രതിഭകൾ അമേരിക്കയിലെത്തുന്നു. സ്വരലയയും 'ടെക്സാസ് കൊണോയിഷേർസ്' എന്ന സംഘടനയും ചേർന്നൊരുക്കുന്ന പുതുമയുള്ള ഈ കലാവിരുന്നിന്റെ പ്രായോജകർ ഡാളസ് കേന്ദ്രമായി പ്രവർത്തിക്കുന്ന ഹിൽ ടൂൺസ് എന്ന സംരംഭമാണ്.

ലോകമെമ്പാടുമെന്ന പോലെ ഇന്ത്യയിലും കേരളത്തിലും ഒട്ടനവധി റിയാലിറ്റിഷോകൾ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ ടെലിവിഷൻ മാധ്യമചരിത്രത്തെ മാറ്റി മറിച്ചിട്ടുട്ട്. ആധുനിക ടിവി വിനോദ വ്യവസായത്തിലെ പുത്തൻ താരോദയങ്ങളാണ് റിയാലിറ്റിഷോ വിജയികൾ. ഈ നവ സൂപ്പർസ്റ്റാറുകളെ തേടിയെത്തുന്നത് സിനിമ മുതൽ സ്റ്റേജ്ഷോ വരെയുള്ള പ്രൊഫഷണൽ അവസരങ്ങളാണ്. ഇതിന്റെ തുടർച്ചയെന്നവണ്ണം റിയാലിറ്റി ഷോ വിജയികളെ ഉൾപ്പെടുത്തി ആദ്യത്തെ മലയാളം സ്റ്റേജ് ഷോ പരമ്പരയാണ് അമേരിക്കയിൽ ഈ വേനലവധിക്കാലത്ത് അരങ്ങേറുന്നത്. പുതുമ നിറഞ്ഞ അവതരണവും ഉള്ളടക്കവും കൊണ്ട് വളരെ വ്യത്യസ്തത പുലർത്തുന്ന അവതരണവും ഉള്ളടക്കവും കൊണ്ട് വളരെ വ്യത്യസ്തത പുലർത്തുന്ന ഒരു ഷോയായിരിക്കുമിതെന്ന് ബന്ധപ്പെട്ട ഭാരവാഹികൾ അറിയിച്ചു.



ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ട പ്രശസ്ത ഗായകൻ ശ്രീനിവാസും ഗന്ധർവ്വസംഗീതം മുൻ വർഷ വിജയികളും നയിക്കുന്ന സംഗീത പരിപാടിക്കു പുറമെ സിനിമാ-കലാരംഗത്തെ പ്രഗൽഭരടങ്ങിയ നൃത്തശില്പങ്ങളും, ഹാസ്യ സ്കിറ്റുകളും ഈ ഷോയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ റിയാലിറ്റിഷോ വിജയികൾ അമേരിക്കയിലെത്തുന്നു എന്ന പ്രത്യേകതയും ഈ പരിപാടികൾക്കുണ്ട്.




കഴിഞ്ഞ എട്ടുവർഷമായി തുടർച്ചയായി ഗന്ധർവ്വസംഗീതം കൈരളി ടിവിയാണ് സംപ്രേഷണം ചെയ്യുന്നത്. ലോകമെമ്പാടും ഇതിനോടകം പ്രശസ്തിയാർജിച്ച ഈ പരിപാടിയുടെ വിജയകാരണം അതിന്റെ ജനപ്രീതിയും കലാമൂല്യവുമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. സംഗീതത്തിനു മാത്രം പ്രാധാന്യം നൽകുന്നതുകൊണ്ട് ഈ റിയാലിറ്റിഷോ മറ്റു മ്യൂസിക്കൽ റിയാലിറ്റിഷോകളിൽ നിന്നും വേറിട്ടു നില്ക്കുന്നു.

ഗാനഗന്ധർവ്വൻ പത്മഭൂഷൺ ഡോ. യേശുദാസിന്റെ പേരിലുള്ള പുരസ്കാരമാണ് 'സ്വരലയ-കൈരളി-ഗന്ധർവ്വസംഗീതം' വിജയികൾക്കു ലഭിക്കുന്നത്. ഇതിനകം ഒട്ടേറെ പ്രതിഭകളെ സംഗീതലോകത്തേയ്ക്ക് കൈപിടിച്ചുയർത്തിയ 'ഗന്ധർവ്വസംഗീതം' അഭിമാനാർഹമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്.

അമേരിക്കയിലവതരിപ്പിയ്ക്കുന്ന സ്റ്റേജ്ഷോയിൽ മലയാളം, തമിഴ്, ഹിന്ദി, ഭാഷകളിലെ മികച്ച

Advertisements







ArabLounge.com
Ads by Google

ഗാനങ്ങളും, ഫോക്ക്, സെമിക്ലാസിക്കൽ ഹിറ്റുകളും ഉണ്ടായിരിക്കും. ഉന്നത നിലവാരത്തിലുള്ള നൃത്തങ്ങളും, വ്യത്യസ്തമായ കോമഡിയും, ഷോയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഹിൽ ടൂൺസ് അധികൃതർ അറിയിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 214-605-0642/508
-423-5277
ഇ.മെയിൽ:ഇൻഫോഅറ്റ്ജിസിനുസാ.കോം

- dated 13 Apr 2008

---

Other:



വർഗീസ് പോത്താനിക്കാട് ധീഷണ അവാർഡ് ഏറ്റുവാങ്ങി NEW

കോട്ടയം:കോട്ടയം ആസ്ഥാനമായ കമ്യൂണിറ്റി ലീഡർഷിപ്പ് ഫൗണ്ടേഷന്റെ 2008 ലെ ധീഷണ അവാർഡ് വർഗീസ് പോത്താനിക്കാട്............തുടർന്നു വായിക്കുക



ഫൊക്കാനാ ഫൗണ്ടേഷൻ സ്കോളർഷിപ്പ് 20000 ഡോളർ NEW

